ഉത്തരം

(എ) 69 പേർ
(ബി) 69 പേർ
(സി) ആരും ഇല്ല.

പഞ്ചായത്ത് വകുപ്പിലെ ലോവർ ഡിവിഷൻ ക്ലാർക്കുമാർ

912 [1446] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജനുവരി 1-ാം തീയതി പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരായി എത്ര പേരുണ്ടായിരുന്നു;

(ബി) അവരിൽ ഇപ്പോഴും എത്രപേർ പഞ്ചായത്ത് ഇൻസ്പെക്ടർമാരുണ്ട്;

(സി) ഇവരിൽ ഹരിജനങ്ങൾ എത്രയുണ്ട്?

ഉത്തരം

(എ) 173 പേർ.
(ബി) 96 പേർ.
(സി) 13 പേർ.

കുന്നത്തൂർ പഞ്ചായത്ത് റൂറൽ വാട്ടർ സപ്ലൈസ് സ്കീമിന്റെ എസ്റ്റിമേറ്റ്

913 [1447] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കുന്നത്തൂർ പഞ്ചായത്തിലെ റൂറൽ വാട്ടർ സപ്ലൈസ് സ്കീമിനുള്ള എസ്റ്റിമേറ്റ് പൂർത്തിയായോ;

(ബി) എങ്കിൽ തുക എത്രയാണ്;

(സി) ഗവൺമെന്റിലേക്ക് പഞ്ചായത്ത് അടയ്ക്കുവാനുള്ള തുക എത്രയാണ്;

(ഡി) അതു അടയ്ക്കുവാൻ പഞ്ചായത്ത് സമ്മതിച്ചിട്ടുണ്ടോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് പരിശോധനയിൽ ഇരിക്കുകയാണ്.
(ബി) കരട് എസ്റ്റിമേറ്റിന്റെ തുക 10.34 ലക്ഷമാണ്.
(സി) എസ്റ്റിമേറ്റ് തുകയുടെ 25 ശതമാനം പഞ്ചായത്തിന്റെ വിഹിതമായി ഗവൺമെന്റിനു 25 തവണകളായി അടയ്ക്കേണ്ടതാണ്.
(ഡി) ഉണ്ട്.

കുന്നത്തൂർ പഞ്ചായത്തിലെ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പുരോഗതി

914 [1448] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ പഞ്ചായത്തിൽ ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ പുരോഗതി എന്തെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly